**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4456** | **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ അക്കാദമിക പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പട്ടികജാതി /പട്ടികവർഗ വിദ്യാർത്ഥികളുടെ കഴിഞ്ഞ രണ്ട് അക്കാദമിക വർഷങ്ങളിലെ പഠന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (എ) | സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ മേഖലകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പഠനപുരോഗതി കോവിഡ് മഹാമാരിയുടെ പശ്ചാലത്തലത്തിൽ പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാതെ അദ്ധ്യയനം ഓൺലൈൻ മുഖേന ആക്കിയ സാഹചര്യത്തിൽ വകുപ്പിന്റെ സാമൂഹ്യപഠനമുറി, മറ്റ് പൊതുകെട്ടിടങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങളിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഠനത്തിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും മികച്ച വിജയ ശതമാനമാണ് നേടാറുള്ളത്. 2020-21 അധ്യയന വർഷത്തിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 99 ശതമാനവും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 99.64 ശതമാനവും വിജയമുണ്ടായിട്ടുണ്ട്. പോസ്റ്റ്മെട്രിക് തലത്തിലും മെച്ചപ്പെട്ട വിജയശതമാനവുമുണ്ടായിട്ടുണ്ട്. ഗോത്രവർഗക്കാർ കൂടുതലായുള്ള വയനാട്, അട്ടപ്പാടി മേഖലകളിൽ മെന്റർ ടീച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി കുട്ടികളിൽ പഠനാഭിമുഖ്യം വളർത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ 7353 പട്ടികവർഗക്കാരിൽ 7028 പേർ തുടർപഠനത്തിന് അർഹത നേടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ